**POLICE** **DEPARTMENT**

**KERALA**

**No. B1-19739/2020/W**
District Police Office,
Wayanad
✉spwynd.pol@kerala.gov.in
✆04936202525
Dated. 22-01-2021

**<u>പുനർ ലേല പരസ്യം.</u>**

പുൽപ്പള്ളി പോലീസ് സ്റ്റേഷൻ കോട്ടേർസിന് സമീപം ഉണങ്ങിയതും കഷണങ്ങളായി മുറിച്ചിടതുമായ ഒരു ഞാവൽ മരം 25/01/2021 തീയതി രാവിലെ 11 മണിക്ക് പുനർ ലേലം ചെയ്തു വിൽക്കുന്നതാണ്.

ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ ലേല സ്ഥലത്തു നിശ്ചിത സമയത്ത് (25/01/2021 ന രാവിലെ 10.30 മണിക്ക് ) നേരിട്ടു ഹാജരാകേണ്ടതും താഴെക്കാണുന്ന പ്രകാരം നിരത ദ്രവ്യം ലേലം തുടങ്ങുന്നതിന് അര മണിക്കൂർ മുന്പായി ബോർഡ് ചെയർമാൻ മുൻപാകെ കെട്ടി വയ്ക്കേണ്ടതുമാണ്.

**വില നിർണ്ണയ റിപ്പോർട്ട്**

| SL No. | Species | GBH in cm | Volume | | Govt. Rate | | Value | | Remarks |
|---|---|---|---|---|---|---|---|---|---|
| | | | Timber M3 | FW MT | Timber Price in M3 | FW Price in MT | Timber Price in M3 | FW Price in MT | |
| 1 | ഞാവൽ | 230 | 2.869 | 1.435 | 5633 | 5633 1770 | 16161 | 2540 | Nil |

ലേലത്തിൽ പരാജയപ്പെടുന്നവർക്ക് ലേലം കഴിഞ്ഞ ഉടൽ തന്നെ നിരത ദ്രവ്യം തിരിച്ചു നൽകുന്നതായിരിക്കും. ലേലം താൽക്കാലികമായി സ്ഥിരപ്പെടുത്തി കിട്ടിയ വ്യക്തി (നിരത ദ്രവ്യം കഴിച്ചുള്ള തുക) ലേലത്തുകയും '5 % 'ഫോറസ്റ്റ് ഡെവലപ്മെൻറ് ചാർജ് എന്നിവയും ചേർത്ത് ലേല സ്ഥലത്തു വച്ച് ലേല ബോർഡ് ചെയർമാൻ വശം (സായുധസേനാ അസിസ്റ്റൻറ് കമാണ്ടൻറ് ) ഒടുക്കി രസീത് വാങ്ങേണ്ടതാണ്.(വിറകിന് GST ബാധകമല്ല).

ലേലം സ്ഥിരപ്പെടുത്തുന്നതിനുള്ള അറിയിപ്പ് ഈ കാര്യാലയത്തിൽ നിന്നും ലഭിച്ചു കഴിഞ്ഞാൽ എത്രയും പെട്ടെന്നു ലേലം കൊണ്ടായാൾ പുൽപ്പള്ളി പോലീസ് ക്വാട്ടേർസ് പരിസരത്ത് നിന്നും സ്വന്തം ചെലവിൽ മരം നീക്കം ചെയ്യേണ്ടതാണ്. മേൽ വ്യവസ്ഥകൾ പാലിക്കാത്ത പക്ഷം ലേലം കൈക്കൊണ്ടായാൾ അടച്ച മൊത്തം തുകയും (അടച്ച നിരത ദ്രവ്യം ഉൾപ്പെടെ) സർക്കാരിലേയ്ക്ക് മുതൽ കൂട്ടുന്നതും, പുന:ർ ലേലം ചെയ്യുന്നതുമായിരിക്കും. അപ്രകാരം നടത്തുന്ന പുന:ർ ലേലത്തിൽ സർക്കാരിനുണ്ടാകുന്ന നഷ്ടം മുൻ ലേലക്കാരിൽ നിന്നും ഈടാക്കുന്നതും, മറിച്ച് കൂടുതലായി ലേലത്തുക ലഭിക്കുകയാണെങ്കിൽ ടി അധിക തുകയിൽ മുൻ ലേലം കൊണ്ടായാൾക്ക് യാതൊരു വിധ അവകാശമോ, അർഹതയോ ഉണ്ടായിരിക്കുന്നതുമല്ല.

ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ ലേല തീയതിക്ക് മുൻപുള്ള പ്രവർത്തി ദിവസങ്ങളിൽ 'രാവിലെ 11 മണി മുതൽ 4 മണി വരെ' യുള്ള സമയങ്ങളിൽ മേൽ പട്ടികയിൽ പറഞ്ഞിട്ടുള്ള മരങ്ങൾ പുൽപ്പള്ളി പോലീസ് സ്റ്റേഷൻ ഹൌസ് ഓഫീസറുടെ അനുമതിയോടെ പരിശോധിക്കാവുന്നതാണ്.

ലേലം യാതൊരു മുന്നറിയിപ്പും കൂടാതെ ലേലം മാറ്റി വയ്ക്കുന്നതിനും അസ്ഥിരപ്പെടുത്തുന്നതിനുമുള്ള അധികാരം ബോർഡ് ചെയർമാനിൽ നിക്ഷിപ്തമായിരിക്കും. ലേലം സംബന്ധിച്ച എല്ലാ സർക്കാർ വ്യവസ്ഥകളും ഈ ലേലത്തിനും ബാധകമായിരിക്കും.

G POONGUZHALI IPS
District Police Chief

To : ബോർഡ് ചെയർമാൻ & മെമ്പർമാർ.

B1-19739/2020/W
711b2d